# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **178/2026** തീയതി : **22/08/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാലയിൽ 2026 - 27 അധ്യയന വർഷത്തേക്കുള്ള നാലുവർഷ ബിരുദ (FYUGP) പ്രവേശനത്തിന് രജിസ്റ്റർ ചെയ്യാൻ അവസാന അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി സെന്ററുകളിലും 2026-27 അധ്യയന വർഷത്തെ നാലുവർഷ ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിക്കാം. ഇതുവരെയും FYUGP കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് സ്പോട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ 2026 സെപ്റ്റംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. നിലവിൽ രജിസ്റ്റർ ചെയ്തവർ പുതുതായി രജിസ്റ്റർ ചെയ്യേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനുമായി ബന്ധപ്പെട്ട പുതിയ അപ്ഡേറ്റുകൾക്കുമായി സർവകലാശാലയുടെ പത്രക്കുറിപ്പുകളും ഔദ്യോഗിക വെബ്സൈറ്റും പരിശോധിക്കുക. പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടപടികളിലേക്ക് കടക്കുക.

വെബ്സൈറ്റ് ലിങ്ക്: **https://admissions.keralauniversity.ac.in/fyugp2026**, ഹെൽപ്പ് ലൈൻ നമ്പർ: 8281883052 (Whatsapp also), ഇ-മെയിൽ : **ach@keralauniversity.ac.in**.

## പരീക്ഷാഫലം

കേരള സർവകലാശാല 2026 ജനുവരിയിലെ നോട്ടിഫിക്കേഷൻ പ്രകാരം നടത്തിയ എംഎസ്‌സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസ വിഭാഗം - 2017 സ്കീം) ഒന്ന്, രണ്ട് സെമസ്റ്ററുകളിലെ (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ അവസാന വർഷ ബിബിഎ ആനുവൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരള സർവകലാശാല 2026 ഒക്ടോബർ 06 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അറബിക് വകുപ്പിൽ സീറ്റൊഴിവ്

കേരള സർവകലാശാല അറബി വകുപ്പ് നടത്തി വരുന്ന ആറുമാസ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ പഠനം) പതിനേഴാമത് ബാച്ചിലേക്ക് ഏതാനും സീറ്റുകളുടെ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു/ തത്തുല്യം. ഫീസ് : 6500/- രൂപ. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് (**www.arabicku.in**) സന്ദർശിക്കുക. അവസാന തീയതി 2026 ആഗസ്റ്റ് 31. വിശദ വിവരങ്ങൾക്ക്: 9446827141.

## അറബി ഭാഷ അധ്യാപക പരിശീലനം

കേരള സർവകലാശാല അറബി വിഭാഗത്തിന്റെ സിൽവർ ജൂബിലിയോട് അനുബന്ധിച്ച് അറബി ഭാഷ അധ്യാപകർക്കായി പഞ്ചദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 7 ന് തുടങ്ങി 11 ന് അവസാനിക്കുന്ന പരിപാടി കേരള സർവകലാശാല കാര്യവട്ടം ക്യാംപസിലാണ് നടക്കുന്നത്. കേരളത്തിലെ പ്രശസ്തരായ അധ്യാപക പരിശീലകർ പരിപാടിക്ക് നേതൃത്വം നൽകും. പരിശീലനം സൗജന്യമായിരിക്കും. കോളേജ്, അറബിക് കോളേജ്, സ്കൂൾ തലങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ഗവേഷകർക്കും പരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കാനുള്ള അവസരം ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമായിരിക്കും. രജിസ്ട്രേഷൻ ലിങ്ക്: **https://forms.gle/CzkL19sGmPDy5fbH9**. വിശദവിവരങ്ങൾക്ക് 9446827141.


**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:** ku.release@keralauniversity.ac.in